# ‘കർത്താവിൽ വസിക്കുവിൻ’

യോഹന്നാൻ 15 :1–2

‘‘ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പ് ഒക്കെയും അവൻ നീക്കിക്കളയുന്നു. കായ്ക്കുന്നത് ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിന് ചെത്തി വെടിപ്പാക്കുന്നു.’’

കർത്താവ് തന്റെ വാമൊഴിയാൽ പറഞ്ഞ വാചകങ്ങളാണിവ. നമ്മുടെ ബലഹീനതകൾ, പ്രശ്നങ്ങൾ എല്ലാം മറ്റാരെക്കാളും ഏറ്റവും അടുത്തറിയാവുന്നവനാണ് നമ്മുടെ ദൈവം. അത് കൊണ്ടുതന്നെ കർത്താവിനെ കൂടാതെ നമുക്കൊന്നിലും പൂർണ്ണജയം കൈവരിക്കുവാനും സാധിക്കുകയില്ല. ഇവിടെ മുന്തിരിവള്ളിയായിട്ടാണ് കർത്താവിനെ സൂചിപ്പിച്ചിരിക്കുന്നത്. നാമോരോരുത്തരും ആ മുന്തിരിവള്ളിയിലെ കൊമ്പുകളുമാണ്. കർത്താവിൽ വസിക്കുക എന്നു പറഞ്ഞാൽ എന്താണ്? തുടർന്ന് വായിക്കുമ്പോൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്ന കാര്യം അവിടുത്തെ വചനം അനുസരിക്കുന്നവരാകണം എന്നുള്ളതാണ്.

നാം കർത്താവിൽ വിശ്വസിക്കുന്നു എന്ന് പറയുകയും അവിടുത്തെ വചനം അനുസരിക്കാതിരിക്കുകയും ചെയ്താൽ നാം കർത്താവിനുള്ളവർ അല്ല. വചനം അനുസരിച്ച് ജീവിക്കണമെങ്കിൽ കർത്താവുമായുള്ള വ്യക്തിപരമായ ഒരു ബന്ധം ഉണ്ടായെങ്കിലേ പറ്റൂ. അത് ദൈവ സാന്നിദ്ധ്യത്തിലും പ്രാർത്ഥനയാലുമാണ് നമുക്കു സാദ്ധ്യമാകുന്നത്. നാം കർത്താവിനോട് അടുത്തു ചെന്നാൽ തീർച്ചയായും അവൻ നമ്മോടും അടുത്തുവന്ന് നമ്മെ ആശ്വസിപ്പിക്കുന്ന ദൈവമാണ്. അവിടുന്ന് പകർന്നു തന്നിരിക്കുന്ന തിരുവചനങ്ങൾ നമ്മിൽ ഫലം കായ്ക്കുവാനും മറ്റുള്ളവരിലേക്കും കൂടെ പകർന്നു കൊടുക്കുവാനും സാധിക്കണം. അങ്ങനെയെങ്കിൽ നാം കർത്താവിൽ വസിക്കുന്നവരാണ്.

ഈ വേദഭാഗത്ത് പിതാവിനെ തോട്ടക്കാരനായി ചിത്രീകരിച്ചിരിക്കുന്നതായി വായിക്കുവാൻ കഴിയുന്നു. നമ്മുടെ സ്വർഗ്ഗസ്ഥപിതാവിന്റെ തോട്ടമാകുന്ന ദൈവരാജ്യത്തിനു വേണ്ടി നല്ല ഫലം പ്രദാനം ചെയ്യുന്ന കൊമ്പുകളായി നമുക്കോരോരുത്തർക്കും ആയിത്തീരുവാൻ ഇടയാകട്ടെ. സങ്കീ : 1–3 ൽ പറയുന്നതുപോലെ തക്കകാലത്ത് ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ആവാം. ഫലം കായ്ക്കുന്ന കൊമ്പുകളുടെ വിശേഷത എന്താണ്? ആ കൊമ്പുകളെ ചെത്തി വെടിപ്പാക്കുന്നു എന്ന് ഈ വേദഭാഗത്തിലൂടെ വായിക്കുന്നു. എന്തിനാണ് ഈ ചെത്തൽ, ആ കൊമ്പുകൾ കൂടുതൽ ഫലം

കായ്ക്കുവാനത്രെ. നമ്മെയും ഒന്നു ചെത്തി വെടിപ്പാക്കാൻ സ്വർഗ്ഗസ്ഥപിതാവിന്റെ കരങ്ങളിലേക്ക് വിട്ടു കൊടുക്കാം.

നാം ഫലം പുറപ്പെടുവിക്കുമ്പോളാകുന്നു കർത്താവ് നമ്മെ ചെത്തി നന്നാക്കുന്ന അവസ്ഥ. അപ്പോൾ നമുക്ക് വേദനിക്കുവാൻ ഇടയാകും. എന്നാൽ വിഷമിക്കേണ്ട. കർത്താവാഗ്രഹിക്കുന്ന പ്രകാരം ഒരു ജീവിതം നയിക്കുന്നതിനു വേണ്ടിയാണത്. നമ്മുടെ മക്കൾ അനുസരണക്കേട് കാണിക്കുമ്പോൾ നാം അവരെ ശിക്ഷിക്കാറില്ലേ? അവർ കൂടുതൽ നല്ല രീതിയിൽ വളർന്നുവരുവാനാണല്ലോ ശിക്ഷിക്കുന്നത്. ഇപ്രകാരം ദൈവം നമ്മെയും സ്നേഹിക്കുന്നതു കൊണ്ടാണ് ശിക്ഷിക്കുകയും ചെയ്യുന്നത്. ഗലാത്യർ 5:22 പറയുന്നു ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം ഈ വകക്ക് വിരോധമായി ഒരു ന്യായപ്രമാണവുമില്ല.

ഈ ആത്മാവിന്റെ ഫലങ്ങൾ നമ്മളിൽ നിന്നും പുറപ്പെടുന്നുണ്ടോ എന്ന് നമ്മെത്തന്നെ പരിശോധിക്കാം. മുന്തിരിവള്ളിയാകുന്ന കർത്താവിനോട് പറ്റിച്ചേർന്ന് നിൽക്കുന്ന കൊമ്പുകളായിത്തീരുവാൻ നമുക്കെല്ലാവർക്കും ഇടയാകട്ടെ. വെട്ടിക്കളയുന്ന കൊമ്പുകൾ നിത്യനാശത്തിലേക്കാകുന്നു പോകുന്നത്. അതിനെക്കാൾ എത്രയോ ശ്രേഷ്ഠമാണ് ചെത്തപ്പെടലിലൂടെ കടന്നുപോകുന്ന കൊമ്പുകളാകുന്നത്. അങ്ങനെ നല്ല ഫലങ്ങൾ പുറപ്പെടുവിച്ച് അത് വേദനയനുഭവിക്കുന്ന നമ്മുടെ ചുറ്റുപാടുമുള്ള സഹോദരങ്ങൾക്കും ആത്മാവിന്റെ വിശപ്പടക്കുവാനും ഉതകടെ, ആശ്വാസത്തിന് കാരണമായിത്തീരട്ടെ, കർത്താവിന്റെ വചനം നമ്മിൽ വാസം ചെയ്യട്ടെ. അങ്ങനെ ദൈവഹിതം മാത്രം നമ്മുടെ ജീവിതത്തിൽ സംഭവിക്കട്ടെ.

നമ്മുടെ കർത്താവ് സ്നേഹവാനാകുന്നു. അവിടുന്ന് എല്ലാവരെയും ഒരു പോലെ സ്നേഹിക്കുന്നു. പാപത്തെ വെറുത്ത് പാപിയെ സ്നേഹിക്കുന്നു. അതുപോലെ നമുക്കും ആകുവാൻ കഴിയണം. ഒരുവൻ വഴി തെറ്റിപ്പോയി കൊള്ളരുതാത്ത രീതിയിൽ ജീവിക്കുമ്പോളും കർത്താവ് അവനെ സ്നേഹിക്കുകയാണ്. മത്തായി എഴുതിയ സുവിശേഷത്തിൽ കർത്താവ് പറയുകയാണ് : "ശത്രുവിനെ സ്നേഹിക്കുവിൻ, ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവിൻ". ആത്മാവിന്റെ ഫലങ്ങളിൽ ഏറ്റവും വലുത് സ്നേഹം തന്നെയാകുന്നു എന്ന് നമുക്ക് പറയാം. സ്നേഹം എല്ലാം വിശ്വസിക്കുന്നു, ക്ഷമിക്കുന്നു, പൊറുക്കുന്നു എന്നെല്ലാം 1 കൊരിന്ത്യർ 13 ൽ വായിക്കുവാൻ കഴിയും.

കർത്താവിൽ വസിച്ചുവെങ്കിൽ മാത്രമെ നമുക്കെല്ലാവരെയും സ്നേഹിക്കുവാൻ കഴിയുകയുള്ളു. ഓരോ ദിവസവും അവിടുത്തെ സ്വഭാവം നമ്മിൽ വെളിപ്പെട്ടുവരട്ടെ,

എവിടെയെങ്കിലും പിഴവു വന്നുപോയെങ്കിൽ ഇപ്പോൾതന്നെ ദൈവസന്നിധിയിൽ മടങ്ങിവരാം. നമ്മുടെ ജഡിക സ്വഭാവങ്ങളെ ക്രൂശിക്കാം. അങ്ങനെ ആത്മാവിന്റെ ഫലങ്ങൾ അധികമായി നമ്മിൽ നിന്നും പുറപ്പെടട്ടെ. ദൈവം നമ്മെ അതിനു സഹായിക്കട്ടെ.

പരാമർശം :

യോഹന്നാൻ 15:12

ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നാകുന്നു എന്റെ കല്പന.

അശ്വതി ബിനു ഏറ്റുമാനൂർ 006